**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയം ഭരണ വകുപ്പ് - കേരള നിയമസഭ – എസ്റ്റിമേറ്റ് കമ്മിറ്റി (2011-2014) – പന്ത്രണ്ടാമത് റിപ്പോർട്ട് - (കണ്ടൽ വന സംരക്ഷണം) - 26-ാം ഖണ്ഡികയിലെ ശുപാർശയിൻമേൽ നടപടി സ്വീകരിക്കുന്നത് - കണ്ടൽ ചെടികൾ വച്ചു പിടിപ്പിക്കുന്നതിന് കുടുംബശ്രീയെ ചുമതലപ്പെടുത്തി ഉത്തരവാകുന്നു.

---

**തദ്ദേശ സ്വയം ഭരണ (ഐ.എ) വകുപ്പ്**

**സ.ഉ.(എം.എസ്)നം.235/2015/തസ്വഭവ. തിരുവനന്തപുരം, തീയതി 14/07/2015.**

---

പരാമർശം:-(1) കേരള നിയമസഭാ സെക്രട്ടറിയുടെ 25.06.14 ലെ 18607/ഇ.സി.എ 2/2008 നി.സെ നമ്പർ കത്ത്.

(2) കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 02.10.14 ലെ കെ.എസ്സ്/എച്ച്/6358/2014 നമ്പർ കത്ത്.

**ഉത്തരവ്**

കേരള നിയമസഭ എസ്റ്റിമേറ്റ് കമ്മിറ്റി (2011 -14) യുടെ പന്ത്രണ്ടാമത് റിപ്പോർട്ടിന്റെ (കണ്ടൽ വന സംരക്ഷണം) 26-ാം ഖണ്ഡികയിലെ ശുപാർശയിൻമേൽ നടപടി വിവര സ്റ്റേറ്റ്മെന്റ് സമിതിയ്ക്ക് സമർപ്പിയ്ക്കുവാൻ പരാമർശം ഒന്ന് പ്രകാരം നിർദ്ദേശിച്ചിരുന്നു. എസ്റ്റിമേറ്റ്സ് കമ്മിറ്റി (2011-14) യുടെ പന്ത്രണ്ടാമത് റിപ്പോർട്ടിലെ 26-ാം ഖണ്ഡികയിൽ കണ്ടൽ വന സംരക്ഷണത്തിന് വനം, റവന്യൂ, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ എന്നീ വകുപ്പുകളുടെ ഏകോപിപ്പിച്ചുള്ള പ്രവർത്തനം അനിവാര്യമാണെന്ന് സമിതി മനസ്സിലാക്കുകയും മുഴുവൻ കണ്ടൽ വന പ്രദേശങ്ങളുടെയും ഉടമസ്ഥാവകാശം സംബന്ധിച്ച രേഖകൾ ശേഖരിച്ച് അംഗീകൃത രേഖയായി പ്രസിദ്ധപ്പെടുത്തുന്നതിനും, കണ്ടൽച്ചെടികൾ വച്ചുപിടിപ്പിക്കുന്നതിന് കുടുംബശ്രീ പോലുള്ള സന്നദ്ധ സംഘടനകളെ ചുമതലപ്പെടുത്തണമെന്നും സമിതി ശുപാർശ ചെയ്തിരുന്നു.

(2) കണ്ടൽവന സംരക്ഷണത്തിനായി സ്ഥലവും കണ്ടൽച്ചെടികളും ലഭ്യമാക്കിയാൽ കുടുംബശ്രീ സംഘടനാ സംവിധാനം വഴി സാദ്ധ്യമായ പ്രദേശങ്ങളിലെല്ലാം കണ്ടൽച്ചെടികൾ നട്ടുപിടിപ്പിക്കുന്നതിനുള്ള ചുമതല ഏറ്റെടുക്കാൻ തയ്യാറാണെന്ന് കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ പരാമർശം (2) പ്രകാരം അറിയിച്ചിരുന്നു.

(3) എല്ലാ ജില്ലകളിലെയും സോഷ്യൽ ഫോറസ്റ്റി അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർമാരുടെ നേതൃത്വത്തിൽ റവന്യൂ, ഗ്രാമപഞ്ചായത്ത് അധികൃതരുടെ സഹകരണത്തോടെ കണ്ടൽവന പ്രദേശങ്ങളുടെ വിവരം ശേഖരിച്ച് പ്രസിദ്ധപ്പെടുത്താവുന്നതാണെന്നും കണ്ടൽച്ചെടികൾ വച്ചു പിടിപ്പിക്കുന്നതിന് കുടുംബശ്രീ പോലുള്ള സംഘടനകളെ ചുമതലപ്പെടുത്താവുന്നതാണെന്നും വനം വന്യജീവി വകുപ്പ് അഭിപ്രായപ്പെടുകയുണ്ടായി. മേൽ സാഹചര്യത്തിൽ, എല്ലാ ജില്ലകളിലെയും സോഷ്യൽ ഫോറസ്റ്റി അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർമാരുടെ നേതൃത്വത്തിൽ റവന്യൂ-പഞ്ചായത്ത് അധികൃതരുടെ സഹകരണത്തോടെ കണ്ടൽവന പ്രദേശങ്ങളുടെ വിവരം ശേഖരിച്ച് പ്രസിദ്ധപ്പെടുത്തുന്ന മുറയ്ക്കും കണ്ടൽവന സംരക്ഷണത്തിനായി സ്ഥലം ലഭ്യമാക്കുന്ന മുറയ്ക്കും കണ്ടൽച്ചെടികൾ വച്ചു പിടിപ്പിക്കുന്നതിനായി കുടുംബശ്രീയെ ചുമതലപ്പെടുത്തി ഉത്തരവാകുന്നു.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**

**എൻ.വിശ്രുതൻ ആചാരി**

**അണ്ടർ സെക്രട്ടറി.**

സെക്രട്ടറി, കേരള നിയമസഭ (ആമുഖ കത്ത് സഹിതം).

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
ലാന്റ് റവന്യൂ കമ്മീഷണറേറ്റ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ/എൽ.ബി.എ), കേരളം, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
വനം വന്യജീവി (ഇ) വകുപ്പ് (16463/ഇ 3/2014/വനം)
റവന്യൂ വകുപ്പ്.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

**ഉത്തരവിൻ പ്രകാരം,**

**സെക്ഷൻ ഓഫീസർ.**